I/1056906/2023

**മിഷൻ വാത്സല്യ**

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , ഡയറക്ടർ വനിത ശിശു വികസന വകുപ്പ്)**

തിരുവനന്തപുരം,

ഉത്തരവ് നം. DWCD/2099/2023 - ICPS 4

തീയതി. 15-07-2023

---

വിഷയം: വനിത ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - വിവിധ ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം, ഗവ.ഒബ്സർവേഷൻ ഹോം, എന്നീ സ്ഥാപനങ്ങളിലെ കൗൺസിലർമാർക്ക് 2023 ജൂൺ മാസം മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള വേതനം അനുവദിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം :
1. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022
2. വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 04.01.2023 ന് ചേർന്ന 38 മത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം
3. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച സ്ഥാപന സൂപ്രണ്ട്മാരുടെ റിപ്പോർട്ടുകൾ
4. ഈ കാര്യാലയത്തിലെ 04/07/2023 ലെ ഇതേ നമ്പർ ഉത്തരവ്.

വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷൻ വാത്സല്യ) യുടെ ഭാഗമായി പ്രവർത്തിക്കുന്ന ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം, ഗവ.ഒബ്സർവേഷൻ ഹോം എന്നിവിടങ്ങളിലെ കൺസിലർമാരുടെ വേതനം 22,290/- രൂപയിൽ നിന്നും 23,170/-രൂപയായി പരാമർശം (1) മാർഗ്ഗനിർദേശ പ്രകാരം വർദ്ധിപ്പിക്കുകയും, ആയത് 2022 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്.

പ്രസ്തുത ഇനത്തിൽ ആദ്യ ഗഡുവായി അനുവദിച്ചതിന്റെ UC സഹിതം 2023 ജൂൺ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള വേതനം നൽകുന്നതിനു ആവശ്യമായ തുക അനുവദിക്കുന്നതിന് മേൽ പരാമർശം (3) പ്രകാരം വിവിധ ക്ഷേമസ്ഥാപന സൂപ്രണ്ടുമാരുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഗവ. ചിൽഡ്രൻസ് ഹോം, ഗവ.ഒബ്സർവേഷൻ ഹോം, എന്നിവിടങ്ങളിലെ കൗൺസിലർമാർക്ക് മിഷൻ വാത്സല്യ മാർഗ്ഗനിർദേശം പ്രകാരം 2023 ജൂൺ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വേതനം ഇനത്തിൽ ആകെ 8,69,603/-രൂപ (എട്ടു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി മൂന്ന് രൂപ മാത്രം ) ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | Organisation | Amount |
|---|---|---|
| 1 | Govt.Childrens Home,Thiruvananthapuram | 62,036 |
| | | |

I/105896/2023

| | | |
|---|---|---|
| 2 | Govt. Observation Home, Thiruvananthapuram | 62,708 |
| 3 | Govt.Observation Home,Kollam | 58,500 |
| 4 | Govt. Observation Home, Alappuzha | 69,510 |
| 5 | Govt. Childrens Home, Kottayam | 59,760 |
| 6 | Govt.observation Home,Kottayam | 69,510 |
| 7 | Govt. Childrens Home(G), Ernakulam | 69,510 |
| 8 | Govt. Childrens Home, Thrissur | 53,814 |
| 9 | Govt. Observation Home, Thrissur | 54,387 |
| 10 | Govt. Childrens Home, Palakkad | 69,510 |
| 11 | Govt. Childrens Home, Malappuram | 60,224 |
| 12 | Govt. Childrens Home(G), Kozhikkode | 67,193 |
| 13 | Govt. Observation Home, Kozhikkode | 55,608 |
| 14 | Govt. Childrens Home, Wayanad | 57,333 |
| | Grant Total | 8,69,603 |

ടി തുക 8,69,603/-രൂപ (എട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അറുനൂറ്റി മൂന്ന് രൂപ മാത്രം ) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയരക്ടറുടെ പേരിലുള്ള SNA അക്കൌണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKLO000889 എന്ന അക്കൗണ്ടിൽ 1.33.1 (Institutional care സ്റ്റാഫ് സാലറി) കംപോനെന്റിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലെക്കും, വനിത ശിശു വികസന ഓഫീസർമാർ തുക മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്.

ടി ഉത്തരവ് പ്രകാരം വേതനം അനുവദിക്കുമ്പോൾ ജീവനക്കാർ ഏപ്രിൽ 27 ന ധർണയിലും മെയ് 15 ന സൂചന പണിമുടക്കിലും തുടർന്ന് ജൂൺ 1 മുതൽ 7 വരെ പണിമുടക്കിലും പങ്കെടുത്തിട്ടുണ്ടെങ്കിൽ, ധർണയിലും പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രസ്തുത ദിവസങ്ങളിൽ വേതനം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു കുറവ് ചെയ്യേണ്ടതും ജൂൺ മാസത്തിൽ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ 7 ദിവസത്തെ വേതനം കൂടി കുറവ് ചെയ്യേണ്ടതാണ്. (ആകെ 9 ദിവസം) സ്ഥാപന മേധാവിമാർ ഇപ്രകാരം കുറച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ് . കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് ഒരു ദിവസത്തെ ബ്രേക്ക് നൽകി കരാർ കാലാവധി പുതുക്കി നൽകിയിട്ടുണ്ടെന്നും ഇവർ അർഹതപ്പെട്ട അവധികൾ മാത്രമേ ഉപയുക്തമാക്കുന്നുള്ളൂ എന്നും സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

പരാമർശം (4) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യും ഉത്തരവാകുന്നു.

PRIYANKA G
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക്

<u>പകർപ്പ് :</u>

I/105896/2023

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 15-07-2023 15:29:03